"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ്- ജീവനക്കാര്യം- നാഷണൽ ഇൻവെസ്റ്റിഗേഷൻ എജൻസിയിൽ അന്യത്രസേവനത്തിനുശേഷം പ്രോസിക്യൂഷൻ വകുപ്പിലേക്ക് തിരികെ പ്രവേശിച്ച ശ്രീമതി. ലെനി. എ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ സീനിയർ ഗ്രേഡ്, നിയമനത്തിനായി കാത്തിരുന്ന കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.1793/2026/HOME തീയതി,തിരുവനന്തപുരം, 22-05-2026

---

പരാമർശം:-

1. നാഷണൽ ഇൻവെസ്റ്റിഗേഷൻ എജൻസിയുടെ(NIA) 31.07.2025 തീയതിയിലെ ഓഫീസ് ഓർഡർ No. 59/2025
2. സ.ഉ (സാധാ)നം. 3365/2025/ആഭ്യന്തരം, തീയതി 29.09.2025
3. ഡയറക്ടർ ഓഫ് പ്രോസിക്യൂഷന്റെ 10.12.2025 തീയതിയിലെ 2737/കെ/08/ഡിജിപി നം കത്ത്

**<u>ഉത്തരവ്</u>**

ചെന്നൈയിലെ നാഷണൽ ഇൻവെസ്റ്റിഗേഷൻ എജൻസി ബ്രാഞ്ച് ഓഫീസിൽ സീനിയർ പബ്ലിക് പ്രോസിക്യൂട്ടറായി അന്യത്ര സേവനത്തിനു ശേഷം ശ്രീമതി ലെനി എ., അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ സീനിയർ ഗ്രേഡ്- ന് യാത്രാമധ്യേ 30 ദിവസത്തെ ആർജ്ജിതാവധി കൂടി അനുവദിച്ചുകൊണ്ട് 31.07.2025 അപരാഹ്നം പ്രസ്തുത തസ്തികയിൽ നിന്നും പരാമർശം (1) ഉത്തരവ് പ്രകാരം വിടുതൽ ചെയ്യുകയുണ്ടായി. 30 ദിവസത്തെ ആർജ്ജിതാവധിയ്ക്കുശേഷം ടിയാൾ 01.09.2025 പൂർവ്വാഹ്നം പ്രോസിക്യൂഷൻ ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്തിരുന്നു.

2. തുടർന്ന് ശ്രീമതി ലെനി. എ-യ്ക്ക് പരാമർശം (2) പ്രകാരം പെരുമ്പാവൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി III- ൽ നിയമനം നൽകുകയും, ടിയാൾ 04.10.2025 പൂർവ്വാഹ്നം ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ശ്രീമതി ലെനി. എ നിയമനത്തിനായി കാത്തിരുന്ന 01.09.2025 മുതൽ 03.10.2025 വരെയുള്ള കാലയളവ് ക്രമീകരിച്ച് നൽകണമെന്ന് പരാമർശം (3) പ്രകാരം ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി ലെനി. എ നിയമനത്തിനായി കാത്തിരുന്ന കാലയളവിൽ ബന്ധപ്പെട്ട തസ്തികയിൽ ഒഴിവുണ്ടായിരുന്ന സാഹചര്യത്തിൽ ടിയാൾ നിയമനത്തിനായി കാത്തിരുന്ന 01.09.2025 മുതൽ 03.10.2025 വരെയുള്ള കാലയളവ് കെ.എസ്.ആർ. ഭാഗം ഒന്ന്, ചട്ടം 12 (7) ന് ചുവടെയുള്ള നോട്ട് 4 പ്രകാരം ഡ്യൂട്ടി ആയി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നവീൻ കൃഷ്ണൻ ജി ഐ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ(ഭരണം), എറണാകുളം
ബന്ധപ്പെട്ടവർ (ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (19.05.2026 ലെ വ്യയം-എ4/141/2026-ധന നം കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ /ഓഫിസ് കോപ്പി (E- 3437766)

ഉത്തരവിൻ പ്രകാരം

Signed by
Sheena. S
Date: 23-05-2026 12:37:48
സെക്ഷൻ ഓഫീസർ